# ഫ്രീഡിയ - ചലച്ചിത്ര നിർമ്മാണ വിതരണ കമ്പനി പ്രവർത്തനം തുടങ്ങി

കൊച്ചി. ജനുവരി 1, അമേരിക്കയിലെ ഹൂസ്റ്റൺ കേന്ദ്രമായി 2008 മുതൽ പ്രവർത്തിച്ചുവരുന്ന ഫ്രീഡിയ എന്റർടെയ്ന്റ്മെന്റ്സിന്റെ പുതിയ സംരംഭം ഫ്രീഡിയ ചലച്ചിത്രനിർമ്മാണ വിതരണ കമ്പനി പ്രവർത്തനം തുടങ്ങി. ഡിസംബർ 28 ന് കൊച്ചിയിൽ നടന്ന ചടങ്ങിൽ സംവിധായകൻ സിദ്ദിഖ് ലോഗോ അനാവരണം ചെയ്ത് കമ്പനി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. സംവിധായകരായ ലാൽജോസ്, മേജർ രവി എന്നിവർ സന്നിഹിതരായിരുന്നു.

സംവിധായകനും നടനുമായ ബാലചന്ദ്രമേനോൻ, ചലച്ചിത്ര താരങ്ങളായ ബാല, ഹരിശ്രീ അശോകൻ, ഭാമ, മുക്ത, ഹരിശ്രീ യൂസഫ്, പിന്നണി ഗായകർ അഫ്സൽ, റെജു ജോസഫ് മുതിർന്ന മാധ്യമപ്രവർത്തകൻ ശ്രീകണ്ഠൻ നായർ, ഫോമ മുൻ സെക്രട്ടറി അനിയൻ ജോർജ്, ഏഷ്യാനെറ്റ് യു.എസ്.എ. പ്രതിനിധി സണ്ണി മാളിയേക്കൽ എന്നിവരടക്കം സാംസ്കാരിക ചലച്ചിത്ര രംഗത്തെ നിരവധി പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

2010 മുതൽ അമേരിക്കയിൽ വിവിധ താരപരിപാടികൾ സംഘടിപ്പിച്ചിട്ടുള്ള ഫ്രീഡിയ ഈ വർഷം പുറത്തിറങ്ങിയ ഷാജികൈലാസ്- പൃഥിരാജ് ടീമിന്റെ സിംഹാസനത്തിന്റെ വിതരണാവകാശം റെക്കാർഡ് തുകയ്ക്കാണ് ഏറ്റെടുത്തിരുന്നത്. തുടർന്ന് സ്വന്തം നിലയിൽ ചലച്ചിത്ര നിർമ്മാണ വിതരണരംഗത്ത് പ്രവർത്തിയെടുക്കാൻ പ്രേരകമായി എന്ന് ഫ്രീഡിയ പ്രസിഡന്റ് ഡോക്ടർ ഫ്രീമുവർഗീസ്, ഡയറക്ടർമാരായ റേയ്ച്ചൽ വർഗ്ഗീസ്, ഡോക്ടർ ഷൈജു, ഡയസ് ദാമോദരൻ, ജോണിമക്കോറ, ബിനു സെബാസ്റ്റ്യൻ, ശ്രീജിത്ത് രാമചന്ദ്രൻ എന്നിവർ അറിയിച്ചു. വ്യത്യസ്ഥങ്ങളായ പരിപാടികളിലൂടെ കേരളത്തിന്റെ തനതു സംസ്കാരവും കലയും അമേരിക്കയിലെ പുതുതലമുറയിൽപ്പെട്ട മലയാളികളുടെ മുന്നിലെത്തിക്കുക എന്നതാണ് ഫ്രീഡിയയുടെ ലക്ഷ്യമെന്ന് അവർ പറഞ്ഞു.

മീരജാസ്മിൻ ആദ്യമായി ഒരു സ്റ്റേജ് ഷോ പരിപാടിയിൽ പങ്കെടുത്തത്. 2011 ൽ ഫ്രീഡിയ അമേരിക്കയിൽ ഒരുക്കിയ താരസംഗമം പരിപാടിയിലാണ്. കലാഭവൻ മണി, ഹരിശ്രീഅശോകൻ, സുരാജ് വെഞ്ഞാറമൂട്, ബാല, മുക്ത, ഭാമ, നാദിർഷാ തുടങ്ങിയ താരങ്ങളും വിധുപ്രതാപ് അടക്കമുള്ള പിന്നണി ഗായകരും ഫ്രീഡിയയുടെ വേദികളിൽ പരിപാടികൾ അവതരിപ്പിച്ചു.

കൃഷ്ണ പുജപ്പുരയുടെ തിരക്കഥയിൽ നവാഗത സംവിധായകൻ ജയൻ മുളങ്ങാട് ഒരുക്കുന്ന ടൂജെന്റിൽമെൻ എന്ന ചിത്രമാണ് ഫ്രീഡിയ നിർമ്മിക്കുന്ന ആദ്യ മലയാളസിനിമ.

കേരളത്തിൽ നിന്ന് മെഡിക്കൽ ബിരുദമെടുത്ത് അമേരിക്കയിൽ സ്ഥിരതാമസമാക്കിയ ഡോക്ടർമാരുടെ സംഘടന AKMG പ്രസിഡന്റ് ഡോക്ടർ ഫ്രീമു വർഗീസ് നയിക്കുന്ന ഫ്രീഡിയയുടെ കേരളത്തിലെ ഓഫീസ് കൊച്ചിയിലാണ്. 2013 മെയ് ജൂൺ മാസങ്ങളിൽ നടക്കാനിരിക്കുന്ന സൂര്യ ഫെസ്റ്റിവെലും ആഗസ്റ്റ് സെപ്തംബർ മാസങ്ങളിൽ നടക്കുന്ന കെ.എസ്. ചിത്ര, എം.ജി. ശ്രീകുമാർ ടീമിന്റെ 'ഒരേസ്വരം' സിംഫണി ഗാനമേള പരിപാടിയുമാണ് ഫ്രീഡിയ വരുംവർഷം അമേരിക്കയിൽ ഒരുക്കുന്ന സ്റ്റേജ് ഷോകൾ. സൂര്യ ഫെസ്റ്റിവെൽ നാടാടെ അമേരിക്കയിലെത്തിക്കുന്നുവെന്ന ഖ്യാതിയും ഫ്രീഡിയക്കുള്ളതാണ്.